## പതിമൂന്നാം കേരളനിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.618 08.03.2012 ൽ മറുപടിക്ക്

## കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി

**ചോദ്യം**

ശ്രീ. ബെന്നി ബെഹനാൻ
ശ്രീ എ.പി. അബ്ദുള്ളക്കുട്ടി
ശ്രീ ലൂഡി ലൂയിസ്
ശ്രീ ഐ.സി. ബാലകൃഷ്ണൻ

**മറുപടി**

ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ആരോഗ്യ പരിരക്ഷാ രംഗത്തെ ചൂഷണങ്ങൾക്ക് അറുതി വരുത്തുവാനും ഗുണമേൻമയേറിയ ജീവൻ രക്ഷാ ഔഷധങ്ങൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; | (എ) (ബി) & (സി) | കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിക്കുന്ന കാരുണ്യ കമ്മ്യൂണിറ്റി ഫാർമസിയിലൂടെ ബ്രാൻഡഡ് മരുന്നുകളും കാൻസർ പോലുള്ള മാരക രോഗങ്ങൾക്കുള്ള മരുന്നുകളും ജീവൻരക്ഷാ മരുന്നുകളും ഇടനിലക്കാരെ ഒഴിവാക്കി മരുന്നു കമ്പനികളിൽ നിന്ന് നേരിട്ട് സംഭരിച്ച് മിതമായ വിലയ്ക്ക് വിതരണം ചെയ്തു വരുന്നു. കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എന്ന സംരംഭത്തിന്റെ തുടക്കമെന്ന നിലയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ആദ്യത്തെ ഔട്ട്‌ലെറ്റ് ആരംഭിക്കുകയുണ്ടായി. സംസ്ഥാനത്തുടനീളം പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിൽ മുപ്പതോളം ഔട്ട്‌ലെറ്റുകൾ സ്ഥാപിക്കുകയും കമ്പനികളിൽ നിന്ന് നേരിട്ട് ഹോൾസെയിൽ വിലയ്ക്ക് മരുന്നു വാങ്ങുകയും നാമമാത്രമായ മാർജിനിലൂടെ സംസ്ഥാനത്തെ വൻകിട ആശുപത്രികൾക്കും മെഡിക്കൽ സ്റ്റോറുകളുടെ സഹകരണ പ്രസ്ഥാനങ്ങൾക്കും വില കുറച്ച് മരുന്നെത്തിക്കുകയും അതുവഴി പൊതുവിപണിയിലെ മരുന്ന്‌വില പാവപ്പെട്ടവർക്ക് താങ്ങാവുന്ന നിലയിലേക്ക് കൊണ്ടുവരികയും ചെയ്യാനുദ്ദേശിക്കുന്ന ഒരു പദ്ധതിയാണ് കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതി |
| (ബി) | പുതുതായി അനുവദിച്ച കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി പദ്ധതിയുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇത് സംസ്ഥാനം മുഴുവൻ വ്യാപകമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം? | | |

സെക്ഷൻ ഓഫീസർ